"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - കോവളം - ബേക്കൽ ജലപാത വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - കഠിനംകുളം പഞ്ചായത്ത് - 112 വീടുകളുടെ മൂല്യനിർണ്ണയം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/CSIND തീയതി,തിരുവനന്തപുരം, 25-01-2026

---

പരാമർശം:-
1. സ.ഉ.(കൈ.) നം.4/2024/സി.എസ്.ഐ.എൻ.ഡി, തീയതി 24/08/2024.
2. ക്വിൽ ചീഫ് എഞ്ചിനീയറുടെ 25/07/2025 — ലെ CE/KWIL/100/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 112 വീടുകളുടെ മൂല്യനിർണ്ണയ തുകയായ 9,16,52,406/- (ഒൻപത് കോടി പതിനാറു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി നാനൂറ്റിയാറ് രൂപ) രൂപയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിരുന്നു.

2. പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള കുടുംബങ്ങളുടെ ലിസ്റ്റിൽ ക്രമ നം. 7 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി മേരി മുത്തപ്പൻ (T8-011) എന്ന ഗുണഭോക്താവിന്റെ വീടിന്റെ മൂല്യനിർണ്ണയം നടത്തിയപ്പോൾ തറവിസ്തീർണ്ണം കണക്കാക്കിയതിൽ പിശക് സംഭവിച്ചതായും ആദ്യ വാല്യൂവേഷൻ റിപ്പോർട്ടിൽ തറവിസ്തീർണ്ണം 37.6m2 ആയിരുന്നെന്നും, പുനർമൂല്യനിർണ്ണയത്തിൽ തറവിസ്തീർണ്ണം 74.71m2 ആണെന്ന് കണ്ടെത്തിയതായും, അപ്രകാരം മൂല്യനിർണ്ണയ തുക 8,34,190/- രൂപയിൽ നിന്നും 16,55,877/- രൂപ ആയി വർദ്ധിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഗുണഭോക്താവിന് പുനർമൂല്യനിർണ്ണയ തുകയായ 16,55,877/- രൂപ അനുവദിച്ചുകൊണ്ടും ടിയാളുടെ ആധാറിലെയും ബാങ്ക് അക്കൗണ്ടിലെയും പേര് മേരി പി എന്നായതിനാൽ ലിസ്റ്റിലെ പേരും അപ്രകാരം ഭേദഗതി ചെയ്തുകൊണ്ടും പരാമർശം (1) ഉത്തരവ് പരിഷ്കരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, ക്വിൽ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ 112 കുടുംബങ്ങളുടെ ലിസ്റ്റിൽ ക്രമ നം. 7 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി മേരി മുത്തപ്പൻ (T8-011) എന്ന ഗുണഭോക്താവിന്റെ പേര് മേരി. പി എന്ന് ഭേദഗതി ചെയ്യുന്നതിനും കെട്ടിടത്തിന്റെ മൂല്യനിർണ്ണയ തുകയായി 16,55,877/- രൂപ അനുവദിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കിൽ, കൊച്ചി എയർപോർട്ട് പി.ഒ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കിഫ്ബി), തിരുവനന്തപുരം
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ ) വകുപ്പ് (INFRA7/57/2025-Fin, തീയതി 25/11/2025)
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/144/2025സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം
Signed by
Bimal V
Date: 27-01-2026 10:42:39
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.